# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 46

02.12.2014 ൽ മറുപടിയ്ക്ക്

## റിസർവ് ബാങ്കിന്റെ നയവും സഹകരണ മേഖലയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്ന റിസർവ് ബാങ്കിന്റെ നയം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 8 പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര ബിസിനസ്സ് നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഇപ്രകാരമുള്ള വ്യവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ബാങ്കുകൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപം വായ്പ നൽകാനല്ലാതെ പ്രത്യേക വ്യാപാര പരിജ്ഞാനം ഇല്ലാതെ മറ്റ് വ്യാപാര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിലൂടെ നഷ്ടം സംഭവിച്ചാൽ അത് പൊതുജനങ്ങളുടെ നിക്ഷേപം തിരിച്ചു നൽകാനുള്ള ശേഷിയെ ബാധിക്കുമെന്നതാണ് ഇപ്രകാരമുള്ള ഒരു അവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്താൻ കാരണമായിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്തുന്നില്ല. ആയതിനാൽ തന്നെ ഇത് സഹകരണ മേഖലയെ ബാധിച്ചിട്ടില്ല. |

| | |
|---|---|
| (ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മൺവിളയിൽ നടത്തിയിരുന്ന സീമാറ്റ് കോളേജ് നിർത്തൽ ചെയ്തത് റിസർവ് ബാങ്കിന്റെ നയം കാരണമാണോയെന്ന കാര്യം വ്യക്തമാക്കുമോ; | (ബി) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായ നയം കാരണമാണ് സീമാറ്റിന്റെ പ്രവർത്തനം നിർത്തൽ ചെയ്തത്. |
| (സി) പ്രസ്തുത നയം തുടർന്ന് നടപ്പിലാക്കുമ്പോൾ പല സ്ഥാപനങ്ങളും അടച്ച് പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ? | (സി) നിലവിൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ഇതര വ്യാപാര പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല എന്നതിനാൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുന്ന സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ